**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ വിസ്തീർണ്ണം ക്രമവൽക്കരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റീസർവ്വേയ്ക്കു ശേഷം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ വിസ്തീർണ്ണം കൂടിയെന്ന് കണ്ടെത്തിയാൽ അത് ക്രമവൽക്കരിച്ചു നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | റീസർവ്വെയിൽ വിസ്തീർണ്ണ വർദ്ധനവ് വരുന്ന കേസുകളിൽ, റീ സർവ്വെയ്ക്ക് മുൻപ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരം ഒടുക്കി വന്നതിന്റെ അടിസ്ഥാനത്തിൽ, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്നറിയിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21.04.2022 ലെ സ.ഉ(കൈ) നം. 110/2022/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. റീസർവ്വെയിൽ വരുന്ന അധിക വിസ്തീർണ്ണം ക്രമവൽക്കരിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | ഇങ്ങനെ ക്രമവൽക്കരിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ; | (ബി) | റീസർവ്വെയിൽ വിസ്തീർണ്ണ വർദ്ധനവ് വരുന്ന കേസുകളിൽ, റീ സർവ്വെയ്ക്ക് മുൻപ് ആധാരപ്രകാരം പോക്കുവരവ് ചെയ്ത് കരം ഒടുക്കി വന്നതിന്റെ അടിസ്ഥാനത്തിൽ, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്നറിയിച്ചുകൊണ്ട് ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് 21.04.2022 ലെ സ.ഉ (കൈ) നം. 110/2022/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. റീസർവ്വെയിൽ വരുന്ന അധിക വിസ്തീർണ്ണം ക്രമവൽക്കരിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) | ഇപ്രകാരം ക്രമവൽക്കരിക്കുന്നതിലൂടെ അധിക റവന്യൂ വരുമാനം പ്രതീക്ഷിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യത്തിൽ പരിശോധന ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ